3. കുന്നത്തുക്കര, ചെറിയന്നൂർ മുയുവന മണപ്പുറത്ത് താഴപാത (മണിയൂർ ഗ്രാമപഞ്ചായത്ത്) (57 ലക്ഷം രൂപ)

4. ഇറശ്ശേരി പാലത്തിനടുത്ത് നാളോങ്കണ്ടിമുക്ക് (അരക്കണ്ടി മുക്ക്) മുതൽ നെല്ലാച്ചേരി നട ചീർപ്പ് വരെയുള്ള റോഡ് (മണിയൂർ ഗ്രാമപഞ്ചായത്ത്) (79 ലക്ഷം രൂപ)

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

മത്സ്യബന്ധന മേഖലയിലെ പ്രതിസന്ധി

203 (211) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന മേഖല ഇപ്പോൾ ആകെ പ്രതിസന്ധിയിലായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മേഖലയുടെ വികസനം സംബന്ധിച്ച പ്രഖ്യാപിത പദ്ധതികളുടെ നടത്തിപ്പിനെ കുറിച്ച് പരിശോധിക്കാറുണ്ടോ ; ഈ സർക്കാരിന്റെ ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇപ്പോഴും പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ് ;

(സി) ഈ സർക്കാരിന്റെ മുൻ ബജറ്റുകളിൽ വകയിരുത്തപ്പെട്ട എത്ര തുക വീതം ഓരോ വർഷവും ചെലവഴിക്കുകയുണ്ടായിട്ടില്ല എന്ന് വിശദമാക്കുമോ ;

(ഡി) മത്സ്യമേഖലയിലെ വികസന കാര്യത്തിലും മത്സ്യത്തൊഴിലാളികളുടെ ക്ഷേമ കാര്യത്തിലും ഉണ്ടായിരിക്കുന്ന പിന്നോക്കാവസ്ഥമൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2011-12 സാമ്പത്തിക വർഷം നടപ്പിലാക്കാത്ത പദ്ധതി

2011-12-ലെ ബഡ്ജറ്റ് നിർദ്ദേശത്തിൽപ്പെട്ട തീരദേശ വികസന അതോറിറ്റി രൂപീകരിക്കൽ എന്ന നിർദ്ദേശം, കേരള തീരദേശ വികസന കോർപ്പറേഷൻ നല്ല നിലയിൽ പ്രവർത്തിക്കുന്നതിനാൽ നടപ്പിലാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2012-13 സാമ്പത്തിക വർഷം നടപ്പിലാക്കാത്ത പദ്ധതി

സംയോജിത കടൽ സുരക്ഷാ പദ്ധതി

2013-14 സാമ്പത്തിക വർഷം നടപ്പിലാക്കാത്ത പദ്ധതികൾ

(എ) മറൈൻ ആംബുലൻസ് പദ്ധതി

(ബി) ഐസ് & ഫ്രീസിംഗ് പ്ലാന്റ് പദ്ധതി

2014-15 സാമ്പത്തിക വർഷം നടപ്പിലാക്കാത്ത പദ്ധതി

വിഴിഞ്ഞം, പുല്ലുവിള മാതൃകാ മത്സ്യഗ്രാമ പദ്ധതി

(സി)

വർഷം	ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിക്കാത്ത തുക (ലക്ഷത്തിൽ)
2011-12	19981.33	18891.25	1090.08
2012-13	27361	23030.416	4330.584
2013-14	29903.74	24269.57	5634.17
2014-15	36728.4	25215.1	11513.3

(ഡി) വിവിധ തരത്തിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക്

204 (212) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിന് നാളിതുവരെ ഫിഷറീസ് വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) ബങ്ക് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും എൻ.ഒ.സി. ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) ബങ്ക് എന്നത്തേയ്ക്ക് സ്ഥാപിക്കാനാകും എന്നറിയിക്കാമോ ?